# ശ്രദ്ധേയമായ മൗലികസ്വരം

പ്രൊഫ. കെ.പി. ശങ്കരൻ

ഇടശ്ശേരിയുടെ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്ന കവിത ആദ്യം വായിച്ചപ്പോൾ എന്തോ ഒരസംതൃപ്തി. ഒരരോചകത്വം എനിക്കനുഭവപ്പെടുകയുണ്ടായി. എന്തായിരുന്നു കാരണമെന്ന് ശരിക്കറിഞ്ഞുകൂടാ. കവിതയുടെ വഴുപ്പൻ രചനയിൽ ഭ്രമിച്ചു പോയിരുന്ന അക്കാലത്ത് ഇടശ്ശേരിയുടെ പരുക്കൻശൈലി രുചിക്കാഞ്ഞത് ഒരുപക്ഷേ, സ്വാഭാവികം തന്നെ. പതുക്കെപ്പതുക്കെ എന്റെ ബോധത്തിൽ ചില പരിവർത്തനങ്ങളുണ്ടാവുകയുണ്ടായി. ഒന്നും തറച്ചു പറയാനാവാത്ത അറുവഴുപ്പൻ ശയ്യകൊണ്ടു കാര്യമൊന്നുമില്ല. അതിലും ഭേദം പറയേണ്ടതു പറയുമ്പോൾ ഉള്ളിൽ ച്ചെന്ന് ഉടക്കിപ്പിടിക്കുന്ന തനിപ്പരുക്കൻ ശൈലി തന്നെയാണ്. അഴകു മാത്രമല്ല കരുത്തും കവിതയെസംബന്ധിച്ചിടത്തോളം അഭിലഷണീയമായ ഒരു ഘടകം തന്നെ എന്നൊക്കെ ഞാൻ മനസ്സിലാക്കുകയായി. അതോടെ ഇടശ്ശേരി എന്ന 'ശക്തിയുടെ കവി' മാംസളത്വം കുറഞ്ഞ് എല്ലുറപ്പു തികഞ്ഞ രചനകൊണ്ട് എന്നെ ആകർഷിക്കാനും തുടങ്ങി.

എന്നാൽ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എന്തോ ഒരു ഘട്ടത്തിലും അത്രയൊന്നും ആകർഷിക്കയുണ്ടായില്ല. ഓരോ വട്ടം വായിച്ചു തീരുമ്പോഴും എന്തുകൊണ്ടാണ് നെററി ചുളിയുന്നത്? ഞാൻ ഓർത്തു നോക്കാറുണ്ടായിരുന്നു. ഒടുക്കം ഒന്നു വ്യക്തമായി; അതിന്റെ ശൈലിക്കല്ല തകരാറ്. നേരത്തെ സൂചിപ്പിച്ച പരിവർത്തനത്തിന്റെ ഫലമായി ശൈലി പിന്നെപ്പിന്നെ എനിക്കഭിമതമായി എന്നു കൂടി പറയേണ്ടതുണ്ട്. അങ്ങനെ നായികയുടെ താരുണ്യവികാസത്തെ,

'പൂവിടും തോറും ഞെട്ടിത്താഴുന്നു, താഴും തോറും
പൂവിട്ടു പോയിടുന്നു പാറുവിൻ തനുവല്ലി!'

എന്നു വർണിച്ചതിലെ കൽപ്പനാസൗന്ദര്യം മാത്രമല്ല.

'കുതിരക്കുളമ്പിൽപ്പോൽ തന്നിലും വീണ്ടും വീണ്ടും
കുതിക്കാൻ പ്രേരിപ്പിക്കുമൊന്നുദിച്ചുയരുന്നു'

എന്നു വർണിച്ചതിലെ കരുത്തുററ സത്യവും തികച്ചും ആസ്വാദ്യമായിത്തന്നെ അനുഭവപ്പെട്ടു.

എന്നിട്ടും, ആദ്യത്തെ ആ അരുചി അവശേഷിക്കയാണെങ്കിൽ? എങ്കിൽ, ആ കവിതയുടെ പ്രമേയത്തോടുതന്നെയാവുമോ പൊരുത്തപ്പെടാൻ കഴിയാത്തത്? ഞാൻ ആത്മപരിശോധന തുടർന്നു പോന്നു. 'അതെ' എന്നാണ് അവസാനം ഉത്തരം കിട്ടിയത്. അധികം പേർക്കും അൽപ്പം ഒരമ്പരപ്പുണ്ടാക്കുന്നതാണ് ആ കവിതയുടെ പ്രമേയം. പ്രണയസങ്കൽപ്പത്തിൽ കൊച്ചെജമാനന്റെ അരുമപ്പൂവുടൽ ധ്യാനിച്ചു ധ്യാനിച്ച് നിർവൃതിക്കൊണ്ടുപോന്ന പാറു, ഒടുക്കം, 'ചോരച്ചൊരൊററക്കണ്ണും ചെമ്പൻ മീശയും കൂടിച്ചേരുമാരൂപം' മഹോന്നതമായിക്കണ്ട് ഒരു പരുക്കൻ തൊഴിലാളിയുടെ മാറിൽ പതിക്കുന്നു. ഈ സത്യത്തോട് സാത്മ്യം പ്രാപിക്കാനുള്ള പ്രയാസമല്ലേ പരമാർഥത്തിൽ ആ കവിത അനുഭവപ്പെടുത്തിയ അരുചിക്കു കാരണം? സത്യം സത്യമായി അംഗീകരിക്കേണ്ടതുണ്ട്, ശരിതന്നെ. അതു പലപ്പോഴും ഉഗ്രവും ഉദ്വേഗജനകവുമാവുകയും ചെയ്യും. എന്നാലും സത്യത്തിന്റെ ആ കരിമ്പാറയിൽ മുഗ്ധമായ പ്രണയസ്വപ്നത്തിന്റെ പളുങ്കുപാത്രം വീണുടയുമ്പോൾ, എന്തോ ഒരു വിഷമംപോലെ! (അഥവാ, 'മുഗ്ധം' എന്ന പദത്തിന് 'മൂഢം' എന്നാണർഥമെന്നോ, അങ്ങനെകൂടി അർഥമുണ്ടെന്നോ, കവിത വായിക്കുമ്പോൾ അധികംപേരും അനുസ്മരിക്കാറില്ലല്ലോ!)

ഈ വിഷമത്തിന്റെ പശ്ചാത്തലം ഇവിടെ വിശദീകരിക്കേണ്ടതുണ്ട്. പ്രണയത്തെ മുഗ്ധമായ ഒരു സങ്കൽപ്പമായിട്ടല്ലാതെ ശക്തമായ ഒരു യാഥാർഥ്യമായി മിക്കവരും കണക്കാക്കാറില്ല. അനുരാഗമാണ് ആവിഷ്കരിക്കുന്നതെങ്കിൽ, പിന്നെ അനുവാചകന്റെ ഭാവനയ്ക്ക് സമതലത്തിൽ മേഞ്ഞു നടക്കാനല്ല, ആകാശത്തിൽ പാറിപ്പറക്കാനാണ് അഭിനിവേശം. കവികളുടെ കാര്യത്തിലുമതെ, 'അനുരാഗത്തിന്റെ തുളുമ്പുന്ന പാത്രം ആത്മാവിന്റെ ചുണ്ടടുപ്പിക്കുന്നതോടെ, ചിന്തയിൽ അലൗകികസംഗീതമൂറുമാറ് അന്തരംഗത്തിൽ സ്വപ്നം വീണ വായിക്കുകയായി; ഓമലിൻ കുനുചില്ലിവില്ലിമേൽ സ്വർഗത്തിന്റെയാ മനോഹരനീലഗോപുരം കാണുകയായി.' (ആ സന്ധ്യ–ജി) പ്രണയത്തിന്റെ മാദകസ്പർശത്തിൽ ചിറകടിച്ചുയരുന്ന ഹൃദയത്തിന്റെ ഈ സ്വപ്നാടനത്തിൽക്കവിഞ്ഞ ഒരു കാവ്യാനുഭൂതിയില്ല. മറെറല്ലാററിനേയും അധഃകരിക്കാൻ മാത്രം മധുരവും തരളവുമാണിത്. ഈ അനുഭൂതിയുടെ ആത്മവിസ്മൃതിയിൽ അർധനിദ്ര പുണരുന്ന ആസ്വാദകന് പിന്നെ അതിൽനിന്ന് ഉണരണമെന്നില്ല. ഉണർത്തുന്ന എന്തും അരോചകമായേ ആദ്യം അനുഭവപ്പെടുകയും ചെയ്യൂ.

എല്ലാം സമ്മതിക്കാം. എങ്കിലും പരമാർഥത്തിന്റെ നഗ്നരൂപം ഈ അനുഭൂതിലഹരിയിൽ പാടേയങ്ങു വിസ്മരിക്കാമോ? 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' ആ വിസ്മൃതി അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെയാവാം എനിക്ക് ആ കവിത ആദ്യം അസംതൃപ്തിയുളവാക്കിയത്. സത്യം പലപ്പോഴും അസംതൃപ്തിയുണർത്താറുണ്ടല്ലോ.

എന്നാലും അനുരാഗത്തിന്റെ പേരിൽ നമ്മുടെ കവിത സ്വപ്നാടനമാരംഭിച്ചിട്ട് ഏറെ നാളായില്ലേ? ഇനി അതിന്റെ മറുവശവുംകൂടി കാണണ്ടേ? അതാലോചിക്കുമ്പോഴേ ഇടശ്ശേരിയുടെ ഈ കവിതയ്ക്ക് സഹജമായ ഒരു സവിശേഷതയുണ്ടെന്നു മനസ്സിലാവൂ. നമുക്കാലോചിക്കുക: ആശാൻ മുതൽക്കിങ്ങോട്ടു പല കവികളുടെയും സങ്കൽപ്പത്തിൽ പ്രേമം സത്യസന്ധമെന്നതിനേക്കാൾ സ്വപ്നപൂർണമായിരുന്നില്ലേ? ഒരു 'പ്രതിഭാസം' എന്നുതന്നെ വേണം അവരിൽ പലരും സങ്കൽപ്പിച്ച പ്രണയത്തെ വ്യപദേശിക്കാൻ! ആദർശത്തിന്റെയും ആത്മീയതയുടെയും അത്യുന്നതങ്ങളിലേക്കുള്ള ഈ അഭിഗമനം, അതിനു മുമ്പത്തെ കാലഘട്ടത്തിലെ കാമകലുഷമായ പ്രണയസങ്കൽപ്പത്തോടുള്ള ഒരു പ്രതിപ്രവർത്തനമായിരുന്നു എന്ന സത്യം വിസ്മരിക്കുന്നില്ല. ആ നിലയ്ക്കു വേണം ആശാന്റെ പ്രണയസങ്കൽപ്പത്തെ വിലയിരുത്താൻ എന്ന സത്യവും വിസ്മരിക്കുന്നില്ല. എന്നാലും പണ്ടത്തെ പാപത്തിനു പ്രായശ്ചിത്തം ആശാൻ പ്രായേണ ഒററയ്ക്കുതന്നെ ചെയ്തുതീർത്തു എന്നതല്ലേ പരമാർഥം? ആശാനു മുമ്പത്തെ കവിതയിൽ പ്രേമം എന്ന വികാരം അത്രയ്ക്ക് ഇന്ദ്രിയനിഷ്ഠമായി താണുവെങ്കിൽ, ആശാന്റെ കവിതയിൽ അത് അത്രയ്ക്ക് അതീന്ദ്രിയമായി ഉയർന്നുപോവുകയും ഉണ്ടായില്ലേ? വികാരമെന്നു വിളിക്കാനേ ശങ്കിക്കണം. അത്രയ്ക്കഭൗമമായില്ലേ ആശാൻകവിതയിലെ പ്രേമം?

എന്നിരിക്കേ, പ്രായശ്ചിത്തം അവിടെ അവസാനിപ്പിക്കാമായിരുന്നു! പക്ഷേ, അതല്ല സംഭവിച്ചത്. ആശാന്റെ ഭാസുരസങ്കൽപ്പത്തിന്റെ ആകർഷണം അത്ര പെട്ടെന്ന് അസ്തമിച്ചില്ല. അതിന്റെ സ്വാധീനശക്തിക്കു വഴങ്ങിയിട്ടാവാം, വള്ളത്തോൾ പോലും ഒരുപക്ഷേ സ്ഥായിയായ ജീവിതവീക്ഷണത്തിനു വിപരീതമായി, നാഗിലയെ സന്ന്യസിപ്പിച്ചത്. അങ്ങനെ ചെയ്താലേ അന്നത്തെ ആസ്വാദകന്റെ അഭിരുചിക്കിണങ്ങൂ എന്നു വന്നുകഴിഞ്ഞിരുന്നു. ആത്മീയ പ്രേമത്തോടുള്ള കൗതുകം അത്രയ്ക്ക് അതിരുകവിഞ്ഞിരുന്നു എന്നർഥം. 'കൗതുകം' പോയിട്ട് അത് 'കമ്പം' തന്നെയായിക്കഴിഞ്ഞിരുന്നു! ഇങ്ങനെ ഒരു ഭാഗത്തേക്ക് ചുക്കം കുത്തി ഊഞ്ഞാൽ എത്താവുന്നേടത്തോളം ഉയരത്തെത്തിക്കഴിഞ്ഞാൽ, അതിനു പിന്നെ താനേ മറുഭാഗത്തേക്കു താഴാതെ കഴിയുമോ?

അതായത്, ആത്മീയപ്രണയത്തോടുള്ള ഒരു പ്രതിപ്രവർത്തനമായിരുന്നു ആശാനുശേഷം മലയാളകവിതയിൽ സംഭവിക്കേണ്ടത് എന്നു ചുരുക്കം. എന്നാൽ, അതു സംഭവിച്ചുവോ? ചങ്ങമ്പുഴ എന്തു ചെയ്തു? പ്രണയത്തെ ആത്മീയത്തിനു പകരം ഭൗതികവും പാവനത്തിനുപകരം മാംസളവുമാക്കിയിരിക്കാം അദ്ദേഹം. പക്ഷേ, യാഥാർഥ്യബോധം ചങ്ങമ്പുഴയുടെ പ്രണയസങ്കൽപ്പത്തിലും പ്രസക്തമായിരുന്നില്ല. 'ശരദഭ്രവീഥിയിൽ ഉല്ലസിക്കുന്ന വെള്ളിനക്ഷത്രവും പൂഴിമണ്ണിൽ അമരുന്ന വെറും പുൽക്കൊടിയും' തമ്മിലുള്ള അസ്ഫുടവ്യാപാരമായി അദ്ദേഹം പ്രണയത്തെ അവതരിപ്പിച്ചു. അയഥാർഥമായ സ്വപ്നാടനം തന്നെയായിരുന്നു അവിടെയും അനുരാഗത്തിന്റെ ആകർഷണം! ഈ സ്വപ്നാടനം കവിഞ്ഞു കവിഞ്ഞ്, ഇനി ഇതിന്റെ മറുവശം കണ്ടേകഴിയൂ എന്നായപ്പോൾ ആ പ്രതിപ്രവർത്തനത്തിനു പ്രതിനിധീഭവിക്കയാണ് ഇടശ്ശേരിക്കവിത ചെയ്യുന്നത്.

പ്രണയത്തിന്റെ സ്വപ്നം സ്വപ്നമായി കൊഴിയുന്നു. നിർദയമായ സത്യം തുടർന്നു നേരിടേണ്ടിയും വരുന്നു എന്ന വസ്തുത ഇടശ്ശേരിക്കുമുമ്പ് കവികളാരും ആവിഷ്കരിച്ചിട്ടേയില്ല എന്നല്ല വിവക്ഷ. പക്ഷേ, അന്നൊക്കെ അതാവിഷ്കരിച്ചിരുന്നതിലെ മനോഭാവവും ഇടശ്ശേരിയുടെ ഈ കവിതയിലെ മനോഭാവവും തമ്മിൽ മാററമുണ്ട്. അകലുന്ന ഹൃദയങ്ങളോടു സഹാനുഭൂതി, അകററുന്ന യാഥാർഥ്യങ്ങളോടു ധർമരോഷവും- ഇതായിരുന്നു മിക്ക കവികളുടെയും നില. അത്തരം അകൽച്ചയുടെ ഫലമായി നടക്കുന്ന ആത്മഹത്യയെ ആദർശമാക്കാനായിരുന്നു വാസന. ഇടശ്ശേരിയിൽ ഇത്തരം മനോഭാവം തീരെ പ്രതിഫലിക്കുന്നില്ല. നമ്മുടെ പണ്ടത്തെ പരുക്കൻ കവി'യായ ഉണ്ണായി പാടിയ 'യൗവനം വന്നുദിച്ചിട്ടും...' എന്ന പ്രശസ്തമായ ആ പരമാർഥം ഇടശ്ശേരിയും ഏററു പാടാനിടയുണ്ട്.

യാഥാർഥ്യബോധമില്ലാത്ത അനുരാഗത്തെ 'അവിവേകം' എന്നേ ഈ ആധുനികകവിയും വിശേഷിപ്പിക്കൂ. നെല്ലുകുത്തുകാരി പാറു പതിവായി കോവിലകത്തെ കൊച്ചെജമാനനെ സ്വപ്നം കണ്ടുപോന്നു. എങ്കിലും തളർന്നു വീഴുമ്പോൾ ആ പാവത്തിനു താങ്ങാവുന്നത് വെറും വിരൂപിയായൊരു തൊഴിലാളിയുടെ വിശാലമായ മാറിടം മാത്രമാണ്. പെരുവഴിയിൽവച്ച് അവളെ ബലാൽത്സംഗം ചെയ്യാൻ മുതിർന്നവനാണവൻ. അതായത്, പ്രണയം അവനെസ്സംബന്ധിച്ചിടത്തോളം, അഭൗമമല്ല, ആത്മീയമല്ല, ആദർശനിഷ്ഠമല്ല; പാറുവിനോ? അരുമക്കിനാക്കൾ വിടർത്തുന്ന മധുരവസന്തമായിരുന്നു അത്. എന്നിട്ടും ആ കിനാക്കൾ ആ വികാരദാഹത്തിന് എറിഞ്ഞുകൊടുക്കേണ്ടിവരുന്നതിൽ അനുകമ്പാർഹമായ ഒരു വിരോധാഭാസവും ഇടശ്ശേരി കാണുന്നില്ല. 'തന്മാറിൽത്താൻ ചേണുററു

വീണാൾ ബോധംകെട്ടൊരാ വേലക്കാരി' എന്നെഴുതി വിരമിക്കുമ്പോൾ, ആർക്കു രസിച്ചാലും ശരി ഇല്ലെങ്കിലും ശരി, സത്യം സത്യമായി പറഞ്ഞുതീർത്തതിലെ സംതൃപ്തിയാണദ്ദേഹത്തിന്. എന്നല്ല, അങ്ങനെ സംഭവിച്ചതിൽ അസ്വാഭാവികതയൊന്നുമില്ല എന്നു കൂടിയാണ് കവിയുടെ അന്തർഗതം.

'സഖ്യവും വിവാഹവും വ്യവഹാരവും തനി-
യ്ക്കൊക്കുമൊട്ടാഭിജാത്യമുള്ളവരോടു വേണം' എന്നൊരു പ്രമാണമുണ്ടല്ലോ (വിദൂരവാക്യം-മഹാഭാരതം-കിളിപ്പാട്ട്). ആദർശപ്രണയക്കാർക്ക് അത് അടിക്കടി ലംഘിക്കേണ്ടിവന്നേക്കും. ഇടശ്ശേരിക്കാവട്ടെ, ആ പ്രമാണം ആദരിക്കാനോ അംഗീകരിക്കാനോ വിരോധമില്ല. പ്രണയത്തിന്റെ സ്വപ്നസാഫല്യമല്ല, ഭദ്രമായ ഭാര്യാഭർത്തൃബന്ധത്തിനുള്ള അടിത്തറയാണ് അദ്ദേഹത്തിന്റെ കണ്ണിൽ അധികം പ്രധാനം. ആ അടിത്തറയുണ്ടാവണമെങ്കിലോ, ബന്ധം വെറും രണ്ടു ഹൃദയങ്ങൾ തമ്മിലായാൽ പോരാ. രണ്ടു കുടുംബങ്ങൾ തമ്മിലായാലും മതിയാവില്ല. പിന്നെയോ, രണ്ടു സാമ്പത്തികവിതാനങ്ങൾ തമ്മിൽ ആവാതിരിക്കുക കൂടി വേണം! കിനാവു കണ്ടിരുന്ന കൊച്ചെജമാനനെ കിനാവു കാണാമെന്നല്ലാതെ, അദ്ദേഹമുണ്ടോ പാറുവിനെ സ്വീകരിക്കുന്നു! അഥവാ ആദർശപ്രണയത്തിന്റെ ആവേശത്തിൽ സ്വീകരിച്ചാൽത്തന്നെയും, ആ ബന്ധത്തിനുണ്ടോ അവിടന്നങ്ങോട്ട് പരീക്ഷണങ്ങളെ അതിജീവിക്കാൻ പററുന്നു! പററുകയില്ലെന്നാണ് പ്രായോഗികബുദ്ധിയായ ഇടശ്ശേരിയുടെ വിശ്വാസം. പാവപ്പെട്ട പാറുവിനു പാകം പരുക്കനായ തൊഴിലാളിതന്നെ! തൽക്കാലത്തെ വികാരദാഹം ശമിപ്പിക്കുന്നതോടെ, അവർ തമ്മിലാവുമ്പോൾ, എക്കാലത്തേക്കും നിലനിൽക്കുന്ന ശക്തമായ ബന്ധം ഉടലെടുക്കുക കൂടി ചെയ്യും.

അല്ലെങ്കിൽ നോക്കൂ, സംഭവിക്കുന്നതെന്താണ്? ഒരന്തിക്ക് പാറു പണിതീർത്ത് ധൃതിയിൽ മടങ്ങുകയായിരുന്നു. അന്നത്തെ കൂലിയായ അരി കിഴികെട്ടി തോളത്തിട്ടിട്ടുണ്ട്. വിജനമായ ആ വെളിമ്പറമ്പിലെ കുററിക്കാടുകൾ കാണക്കാണെ തടിച്ചുവന്നു. ഇരുട്ടു കനക്കുകയാണ്; 'കാൽച്ചോട്ടിൽ കരിനിഴൽ പാഞ്ഞുനീളുന്നു; മീതെ കാക്കകൾ കൂട്ടംകൂടി പറന്നു ചേക്കേറുന്നു.' ആ ഇരുട്ടത്തും ഉദ്ദീപ്തമായിരുന്നു അവളുടെ ഹൃദയം. കോവിലമ്മയുടെ പുത്രനായ കോമളതരുണൻ അതിൽ 'മംഗളമണിദീപക്കതിരു' ചിന്നുകയാണ്. അതിനിടയ്ക്കാണ് കനൽക്കട്ടപോലൊരു കയ്യ് തോളത്തുവീണത്. ഉടൽ ഉളുത്തുകേറിക്കൊണ്ട് ഉദ്വേഗത്തോടെ തിരിഞ്ഞുനോക്കുമ്പോഴുണ്ട്, വൃത്തികെട്ട ഒരു രൂപം: 'നിശ്ശബ്ദമിഴഞ്ഞെത്തിക്കടിക്കുന്ന നീചമായ വിഷപ്പാമ്പു' തന്നെ. പാറു കുതറി നോക്കി, കുതിച്ചു നോക്കി. പല്ലും നഖവും അവന്റെമേൽ താഴ്ത്തിനോക്കി. ഒടുക്കം ഉറക്കെ മുറയിട്ടപ്പോഴാണ് അവൾക്കു മോചനം കിട്ടുന്നത്. അങ്ങനെ ഓടിയകന്നപ്പോൾ, കോന്തലയ്ക്കരിക്കിഴി കെട്ടിയ മേൽമുണ്ട് വീണുപോയി. പിന്നിൽനിന്ന് പരുഷശബ്ദത്തിൽ ആ തടിമാടൻ കൂക്കിവിളിച്ചു. ഒരു തരത്തിൽ അവളൊന്നു വീടണഞ്ഞു. അരിക്കിഴി നഷ്ടപ്പെട്ടതിനാൽ അവൾക്കും കുടുംബത്തിനും അന്ന് അത്താഴപ്പട്ടിണി തന്നെ... എന്നാൽ, അവന് അരിക്കിഴികൊണ്ട് ആവശ്യമൊന്നുമുണ്ടായിരുന്നില്ല. അടുത്ത ദിവസം പുലർന്നപ്പോൾ അത് അവളുടെ ഉമ്മറപ്പടിയിൽ കിടന്നിരുന്നു.

പിന്നെ അനുജനെ തുണ കൂട്ടിക്കൊണ്ടായി പാറുവിന്റെ പോക്കുവരവ്. അപ്പോഴും കുററിക്കാടു വിട്ടുനീങ്ങുമ്പോൾ, അവൻ നിന്നു കൂക്കുന്ന ക്രൂരനാദം കേൾക്കാറുണ്ട്. അവളുടെ അകം കാളും. തിരിഞ്ഞുനോക്കുമ്പോൾ എന്നും കാണുന്നത് ഒരേ ദുർഭഗദൃശ്യമാണ്.

'ചോരച്ചോരൊററക്കണ്ണും കൊമ്പൻ മീശയും കൂടി-
ച്ചേരുമദ്ദൗഷ്ട്യത്തിന്റെ ചുണ്ടിലെപ്പോഴും തത്തീ-
അളിഞ്ഞ ശൃംഗാരത്തിൽ കുതർത്തിച്ചാലിച്ചുകൊ-
ണ്ടണിഞ്ഞ മൃദുഹാസം, കാമുകമ്മന്യത്വവും!'

അതു കാണുമ്പോൾ അവൾക്ക്,

'അടിതൊട്ടപ്പോൾക്കേറും, വെട്ടിയാൽപ്പോലും തരി-
മ്പറിയാത്തൊരു മട്ടിൽ മൃത്യുവിൻശൈത്യോൽക്കരം.'

അരോചകമായ ഈ യാഥാർത്ഥ്യത്തിൽ നിന്ന് എവിടെ അഭയം തേടും? ശുദ്ധസ്വപ്നത്തിന്റെ ലോകത്തിൽത്തന്നെ. കൊച്ചെജമാനനെക്കുറിച്ചുള്ള ഓർമ സ്വപ്നങ്ങൾക്കു ചിറകു മുളപ്പിക്കും. 'ഇരവിലുറങ്ങുമ്പോൾ പേക്കിനാവുകൾ പേടിച്ച്' അവൾ നിത്യവും കൊച്ചെജമാനനെ ഓർത്തു പോന്നു. എന്തു സുഭഗമായ രൂപം!

'കറുത്തു കുരുത്തോരു മീശയും, സുഗംഭീര-
സ്ഫുരദക്ഷികൾ ചിന്നുമുൽപ്പലപുഷ്പങ്ങളും,
സൗമനസ്യത്തിൻ പൈന്തേൻ കിനിയും മൃദുഹാസ-
ത്തൂമുല്ലമലർച്ചാർത്തും- മർത്ത്യനല്ലൊരു ദേവൻ!'

എല്ലാ കാമുകിമാർക്കും എല്ലാ കാമുകന്മാരെക്കുറിച്ചുള്ള സ്വപ്നം തന്നെ!

പക്ഷേ, ഇദ്ദേഹം ഒരു പണി പററിച്ചു. മററേ 'അസുരൻ' പാറുവിന്റെ അരി ഒരു നാളത്തേയ്ക്കു

ചിന്നിക്കൊഴിക്കയേ ചെയ്തുതുള്ളൂവെങ്കിൽ ഈ 'അമരൻ' അത് എന്നന്നേക്കുമായി തട്ടിപ്പറിക്കുകതന്നെ ചെയ്തു! മൂപ്പർ നാട്ടിലൊരു കൂററൻകമ്പനി വച്ചു. കുററിക്കാടും വെളിമ്പറമ്പുമൊക്കെ വെട്ടിക്കിളച്ചു വെടിപ്പാക്കി. അവിടെയിപ്പോൾ തെളിഞ്ഞ പാതയാണ്. ഇനി പേടിക്കാനില്ല എന്നായിരുന്നു പാറുവിന്റെ ആശ്വാസം. എന്നാൽ, ഒരുദിവസം സൗമ്യസ്വരത്തിൽ കോവിലമ്മ അറിയിച്ചു. പിറേറന്നുതൊട്ടു നെല്ലു കുത്താനില്ല. കൊച്ചെജമാനൻ റൈസ് മില്ലിട്ടിരിക്കുന്നു. പാറു തേങ്ങിത്തേങ്ങിക്കരഞ്ഞുപോയി. ആര് കാണാൻ!

'എന്തൊരു ലാഭം നാട്ടാർക്കെന്തെളുപ്പവുമായി
സ്വന്തമാമരിമില്ലിലമ്മയ്ക്കെന്തഭിമാനം!
ആയിരക്കണക്കിനു വെള്ളിക്കാശിങ്ങെത്തുമ്പോൾ
വാലിയക്കാരത്തി തൻ കണ്ണീരോ കിടങ്ങാവാൻ!

അന്ന് അന്തിക്ക് അതേ വഴി അവസാനമായി തിരിച്ചു പോരുമ്പോൾ പാറു ഉൾക്കിടിലത്തോടെ തിരിഞ്ഞുനിന്നു: ആരോ കൂക്കുന്ന ക്രൗരാരവം കേൾക്കുന്നുണ്ടല്ലോ. അതും, ഇക്കുറി കുറച്ചേറെയുച്ചത്തിൽ, കുറച്ചേറെ മുഷ്കരകണ്ഠത്തിൽ നിന്നാ'ണ് ആ കൂക്ക്. ആരാണ്.

'മറിഞ്ഞു നോക്കിക്കണ്ടാൾ മറിമാൻമിഴി, കൂററൻ
മണിമാളികയുടെ 'ബാൽക്കണി'യിന്മേൽ നിൽപ്പൂ
വേലക്കാർ പിരിയേണ്ടും കുഴലൂതലും നോക്കി
ലാലസിക്കുകയല്ലീ തന്റെ കൊച്ചെജമാനൻ!'

ഇവിടെ 'മറിമാൻമിഴി' 'ലാലസിക്കുകയല്ലീ' എന്നീ പദങ്ങളിൽ പതിയിരിക്കുന്ന പരിഹാസം ശ്രദ്ധേയമാണ്. കാൽപ്പനിക കവികൾക്ക് അത്തരം അലംകൃതപദങ്ങളോടു വലിയ കമ്പമാണല്ലോ. സ്വന്തം ജീവിതത്തിന്റെ തകർച്ചയാണ് പാറു തിരിഞ്ഞുനോക്കിക്കാണുന്നത്. അപ്പോൾ നല്ല അവസരമല്ലേ അവളുടെ മിഴിയുടെ ഭംഗി വർണിക്കാൻ! അതുപോലെ, അതു തകർത്തുകൊണ്ടു മുഴങ്ങുന്ന സ്വന്തം കമ്പനിസ്സൈറൻ കടാക്ഷിച്ചുകൊണ്ട് മാളികപ്പുറത്തു നിൽക്കുന്ന മാന്യയുവാവിന്റെ 'ലാലസിപ്പ്' അതും കേമം തന്നെ! തുടർന്ന്, കവി അവളെ പരമാർഥമറിയിക്കുന്നത്, ആ വക അരുമപ്പദങ്ങളൊക്കെ വലിച്ചെറിഞ്ഞ്, വെറും നഗ്നസത്യത്തിന്റെ ശുഷ്കഭാഷയിലത്രെ.

'അച്ചുണ്ടിൽനിന്നേ വന്നു പെണ്ണേ, നിൻ സർവസ്വവും
പിച്ചിച്ചീന്തിയപോലുള്ളിക്കൊടും ക്രൂരരാവം.
പറിച്ചിട്ടല്ലോ തന്നെക്കടവേരോടെ, തട്ടി-
പ്പറിച്ചാനെന്നെന്നേക്കും തന്നരിക്കിഴി ദേവൻ!'

ദേവന്മാരൊക്കെ ഇങ്ങനെയാണ്; പാവപ്പെട്ട മനുഷ്യരുടെ സ്വത്തു തട്ടിപ്പറിക്കുന്നതിലാണ് അവരുടെ വൈഭവം. അതിനാൽ അവരെക്കേറി പ്രേമിച്ചാൽ ഈ അനാഥത്വമേ അവസാനം ഫലമായവശേഷിക്കൂ എന്നു വിവക്ഷ!

ഈ ആഘാതം സഹിക്കാനാവാഞ്ഞ് ആ വേലക്കാരിപ്പെണ്ണ്. പാവം, അവശയും അസ്തപ്രജ്ഞയുമായി അവിടെ വീണുപോയി. അപ്പോഴും പണ്ടത്തെ ആ കയ്യേററക്കാരൻ കഴുകനെപ്പോലെ അടുത്തുണ്ടായിരുന്നു. ദൃഷ്ടികൾ അവളുടെ മാംസളതയിൽ ഉളുത്തുകയറുകതന്നെയായിരുന്നെങ്കിലും, അവളെ അവൻ താങ്ങാതിരുന്നില്ല. അവന്റെ രൂപം അപ്പോഴും അരോചകം തന്നെ; 'ചോരച്ചൊരൊററക്കണ്ണും കൊമ്പൻ മീശയും'– അയ്യോ, അവൾക്ക് ഉടൽ തരിച്ചുപോയി. എങ്കിലും ആ മാറിലേക്കു ബോധംകെട്ടു വീഴുമ്പോൾ അവളുടെ ചേതന ആ രൂപത്തെ 'മഹോന്നത'മായിക്കാണുന്നു. മാത്രമല്ല, ആ വീഴ്ചയെ 'ചേണുററു' എന്നു കവി വിശേഷിപ്പിക്കുകകൂടി ചെയ്യുന്നു. അതിൽ അസുന്ദരമോ അപ്രസക്തമോ ആയി ഒന്നുമില്ല എന്നർഥം.

നിർദയമെങ്കിലും നിശ്ശേഷം പരമാർഥമായ ഇത്തരമൊരു പരിണാമത്തിലേക്ക് ഈ കവിതയെ എത്തിക്കാൻ ഇടശ്ശേരിയെപ്പോലൊരു കവിക്കു തന്നെയേ കഴിയൂ. പാറു ഇപ്പോൾ കൊക്കിലൊതുങ്ങുന്നതേ കൊത്തിയിട്ടുള്ളൂ, അതിനാൽ ഇനി ആ കിളിയുടെ ജീവിതം സ്വസ്ഥവും തൃപ്തവുമാവാതിരിക്കയില്ല എന്ന ആശ്വാസത്തോടെയാണ് അദ്ദേഹം കവിത അവസാനിപ്പിക്കുന്നത്. അല്ലാതെ അവളുടെ അരുമക്കിനാവുകൾ ഉടഞ്ഞുപോയതിനെച്ചൊല്ലി അനുതാപത്തോടെയല്ല. പ്രതിപാദ്യം പ്രണയമായിട്ടും, പ്രതിപാദനസ്വരം ഇത്രയും ശ്രദ്ധേയവും സത്യസന്ധവും വസ്തുനിഷ്ഠവുമാവുക- ഇതൊരു പുതുമയാണ്. മൗലികത്വത്തിൽ തനിക്കുള്ള നിഷ്കർഷ ഇടശ്ശേരി ഈ കവിതയിലും പാലിച്ചിട്ടുണ്ട്.

ഈ കവിതയുടെ കലാശം ഇങ്ങനെയായതു വെറും യാദൃച്ഛികമല്ല എന്നു കൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇടശ്ശേരിയുടെ വീക്ഷണത്തിനു തികച്ചും ഇണങ്ങുന്നുണ്ടത്. ഈ കവിതയ്ക്കു കവിതന്നെ എഴുതിച്ചേർത്ത മുഖക്കുറിപ്പ് ഇവിടെ ഓർക്കാവുന്നതാണ്. 'മുന്നേറിക്കൊണ്ടിരിക്കുന്ന യന്ത്രയുഗത്തെ ആവശ്യത്തിൽക്കവിഞ്ഞു സ്വാഗതം ചെയ്യുന്ന ആളല്ല ഞാൻ. പക്ഷേ, പാറുവിന്റെ കൂടെ

നിന്നു റൈസ് മില്ലിന്റെ മുഖത്ത് ഒരാട്ടാട്ടാനുള്ള കൗതുകം മാത്രമല്ല ഈ കവിതയെഴുതാനുണ്ടായ പ്രചോദനം. സൗന്ദര്യം, വൈരൂപ്യം, സൗശീല്യം, ദുശ്ശീലം ഇവയെക്കുറിച്ചു നമുക്കുള്ള സങ്കൽപ്പത്തിന്റെ കെട്ടുറപ്പ് ഒന്നു പരീക്ഷിക്കാൻ കൂടി തോന്നി. ഇതുവരെ ഇവിടെ വ്യാഖ്യാനിച്ച വീക്ഷണം ഈ കവിതയിലന്തർഭവിക്കുന്നതായി കവി തന്നെ അനുവദിച്ചുതരുന്നതിനുള്ള തെളിവാണെന്നു കരുതാമല്ലോ ഈ കുറിപ്പിലെ അവസാനവാക്യം. സൗന്ദര്യം, വൈരൂപ്യം, സൗശീല്യം, ദുശ്ശീലം ഇവയെക്കുറിച്ചു മാത്രമല്ല, കാൽപ്പനിക കവികൾ സമ്മാനിച്ച സംസ്കാരത്തിന്റെ ഫലമായി പ്രണയത്തെക്കുറിച്ചും നമുക്കുള്ള സങ്കൽപ്പത്തിന്റെ കെട്ടുറപ്പു പരീക്ഷിക്കുകയാണ് ഈ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'യിൽ.

ഇതിങ്ങനെ തറച്ചുപറയാൻ അവലംബമായ ഏതാനും സൂചനകൾ 'കറുത്ത ചെട്ടിച്ചിക'ളെന്ന സമാഹാരത്തിലെ (അതിലാണല്ലോ ഈ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'യുള്ളത്) മററ് പല കവിതകളിലും അന്തർഭവിക്കുന്നുണ്ട് 'മകന്റെ വാശി'യിലെ ഈ ഈരടി നോക്കുക:

'ചടുലപ്രേമത്തളിർതൂവാലകൾ
വിഡ്ഢികൾ സമ്പാദിപ്പൂ
നിടിലതടത്തിൻ വേർപ്പുതുടയ്ക്കാ,-
നക്ഷരമുണ്ടോ മായ്‌വൂ!'

വാശിക്കാരനായ ഒരു കാരണവരുടെ വാക്കുകളാണിവ; അതോടൊപ്പം കവിയുടെയും വാക്കുകളത്രേ. നെററിയിലെ വിയർപ്പു തുടയ്ക്കാനേ പ്രണയത്തിന്റെ പട്ടുതൂവാല പററൂ, തലയിലെഴുത്ത് അതുകൊണ്ടു മായുകയില്ല എന്ന അസാരം കർശനമായ ഈ പ്രഖ്യാപനം, കാൽപ്പനികകവിത വായിച്ചു വായിച്ചു ലഹരികയറുമ്പോൾ, കാര്യമായി ഒന്നോർത്തുനോക്കേണ്ടതാണ്! എന്നാലേ മനസ്സിന്റെ സമനില തിരിച്ചുകിട്ടൂ! 'രാധയും സുധാകരനും' എന്നൊരു കവിതകൂടി, ഈ പ്രകരണത്തിലേക്കു പ്രസക്തമായി 'കറുത്ത ചെട്ടിച്ചി'കളിലുണ്ട്. അതു തൽക്കാലം അപഗ്രഥിക്കുന്നില്ല. വിശേഷിച്ചൊരു പഠനത്തിനു തന്നെ വിധേയമാക്കാൻ മാത്രം വിപുലമാണ് അതിലെ ആശയങ്ങൾ എന്നു സൂചിപ്പിക്കമാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ.

എന്റെ വിവക്ഷ കൂടുതൽ വിശദമാക്കാനായി മറെറാരു താരതമ്യത്തിനുകൂടി ശ്രമിക്കാം. പ്രണയവീക്ഷണത്തിൽ വരുന്ന പ്രസ്താവ്യമായൊരു വ്യതിയാനത്തിന്റെ വ്യക്തമായ രേഖയാണല്ലോ ശ്രീ എൻ.വി. കൃഷ്ണവാരിയരുടെ 'കൊച്ചുതൊമ്മൻ'. അതിന്റെ കൂടെ വച്ചു പഠിക്കേണ്ടതാണ് ഈ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'യും. അവിടെ എൻ.വിയുടെ അനുഗൃഹീതസിദ്ധിയായ പരിഹാസം കൂടിയുണ്ട്. ഇവിടെ അതില്ല എന്നു മാത്രം. കാൽപ്പനികപ്രണയത്തിന്റെ അർഥശൂന്യതയെ കളിയാക്കുവാനാണ് എൻ.വിക്കു കൗതുകം. സ്വപ്നത്തിന്റെ വർണവാതകം നിറച്ച് കൊച്ചുതൊമ്മൻ ഊതിയുയർത്തുന്ന ബലൂൺ ഒടുക്കം പച്ചപ്പരമാർഥത്തിന്റെ കൂർത്ത സൂചിത്തുമ്പുകൊണ്ട് കുത്തിപ്പൊട്ടിച്ചു കളയുന്നതിലെ രസം ഒന്നു വേറെത്തന്നെ. ഈ പരിഹാസത്തിന്റെ അംശം മാറ്റി നിർത്തുക. എന്നാൽപ്പിന്നെ, കാൽപ്പനിക പ്രണയത്തിന്റെ അർഥശൂന്യതയെക്കുറിച്ച് എൻ.വിയുടെയും ഇടശ്ശേരിയുടെയും അഭിപ്രായം ഏതാണ്ട് ഒന്നു തന്നെയാണ് എന്നു കാണാം. കളിയാക്കുകയല്ല, കാര്യം പറയുകയാണ് ഇടശ്ശേരിയുടെ രീതി എന്നു മാത്രം. പ്രണയം രണ്ടു ജീവിതങ്ങളെ അങ്ങേയററം ബന്ധിക്കേണ്ട ശൃംഖലയാണ്. സഗൗരവമായ യാഥാർഥ്യബോധത്തോടെ വേണം അതിനെ സമീപിക്കാൻ. അങ്ങനെ സമീപിക്കാതിരുന്നാൽ അതു ജീവിതത്തിനേൽപ്പിക്കുന്ന ആഘാതം; സമീപിച്ചാൽ അരുളുന്ന സുരക്ഷിതത്വം, ഇതിലൊക്കെയാണ് ഇടശ്ശേരിക്കു താൽപ്പര്യം. അതായത്, കാര്യങ്ങളെ പ്രായോഗികമായിക്കാണുക എന്നല്ലാതെ, പ്രണയത്തിന്റെ പേരിൽ നിർബാധമായ സ്വപ്നാടനം നടത്താൻ അദ്ദേഹത്തിനു കഴിയില്ല. അതു വ്യക്തമാക്കുന്ന ശക്തമായ കവിതയത്ര 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ.'

അതുകൊണ്ടുതന്നെയാവാം, ആദ്യം സൂചിപ്പിച്ചപോലെ, അതെന്നെ ഉദ്വിഗ്നനാക്കിയത്. അല്ലെങ്കിലും, കാൽപ്പനികപ്രണയത്തിന്റെ കമനീയ സ്വപ്നാടനമാണല്ലോ അധികം കാവ്യകുതുകികൾക്കും ഒരാദർശവും ഒരഭിനിവേശവുമായി അനുഭവപ്പെടാറ്. അതു ഭഞ്ജിക്കപ്പെടുന്നു. എന്നിട്ടും ജീവിതം അനപായമായി അവശേഷിക്കയും ചെയ്യുന്നു; എന്നല്ല അതു ഭഞ്ജിക്കപ്പെടുന്നതുകൊണ്ടാണ് ജീവിതത്തിന് ആവശ്യമായ ഒരടിയുറപ്പു കൈവരുന്നതുതന്നെ എന്നൊക്കെ കാണുമ്പോൾ, ആരും പെട്ടെന്നൊന്നു ഞെട്ടിത്തെറിച്ചുപോവും. എന്തോ 'ഒരസ്ഖിത'- ഇംഗ്ലീഷിൽ 'ഒബ്സെഷൻ' (Obsession) എന്നു പറയാറില്ലേ, അത്തരത്തിലുള്ള ഒരസ്വാസ്ഥ്യം - ഈ കാൽപ്പനികപ്രണയത്തെക്കുറിച്ചു വച്ചുപുലർത്തുന്നവരാവും പ്രായേണ അനുവാചകരിൽ പലരും. ഇതിന് ആഘാതമേൽപ്പിക്കുകയാണ് ഇടശ്ശേരി ചെയ്യുന്നത്. സാഹസികരായ അപൂർവം കവികളേ ഇതു ചെയ്യാറുള്ളൂ. അധികം പേർക്കും കൗതുകം ഇത്തരം 'അസ്ഖിത'കളെ തഴുകാനും താലോലിക്കാനുമാവും. നമ്മുടെ കവികളിൽ ഇടശ്ശേരിയും എൻ.വിയുമത്രേ ഇത്തരം സാഹസികരിൽ പ്രധാനികൾ.

ശ്രീ വിമൽമിത്രയുടെ വിശേഷപ്പെട്ട ഒരു കഥയുണ്ട്; 'ഗൃഹനായിക.' അതിവിടെ അനുസ്മരിച്ചുപോവുന്നു. അതിലെ നായികയായ ലാവണ്യ, അത്രയും നിസ്സഹായമായ ഒരു സാഹചര്യത്തിൽ, കാമുകന്റെ അനുവാദത്തോടുകൂടി വ്യഭിചാരത്തിനു വഴങ്ങുന്നു. അങ്ങനെ അവർക്ക് വിവാഹജീവിതമാരംഭിക്കാനാവശ്യമായ ഒരു വീടു സമ്പാദിക്കുന്നതിനു നിക്ഷേപമായിക്കൊടുക്കാൻ ആയിരം ഉറുപ്പിക നേടുന്നു. അതു നേടിയശേഷം, അസൂയാവഹമായ സൗഭാഗ്യത്തോടെ കുടുംബജീവിതം നയിക്കുകയും ചെയ്യുന്നു. ഇവിടെ പല വായനക്കാരും പെട്ടെന്ന് ഒട്ടൊന്ന് അസ്വസ്ഥരായെന്നുവരാം. കാരണം, ചാരിത്ര്യമെന്നതു പലർക്കും ഒരു തരം 'അസ്ഖിത'യാണല്ലോ. ലാവണ്യയുടേയും അവൾക്കു വ്യഭിചരിക്കാൻ മൗനാനുവാദമരുളിയ നിരഞ്ജന്റെയും ധർമബോധത്തെയും മൂല്യസങ്കൽപ്പത്തെയും കുറിച്ച് ആശങ്കയും തോന്നാം. അതു തോന്നുന്ന ഒരു കഥാപാത്രം ആ കഥയിൽത്തന്നെയുണ്ട് - മിസ്സിസ് ചൗധരി. ലാവണ്യയുടെയും നിരഞ്ജന്റെയും ജീവിതം തകരുന്നതായി കഥയെഴുതാൻ അവർ കാഥികനോടു നിർദേശിക്കുന്നു. തകരണ്ടേ–ചാരിത്ര്യഭംഗം വരുത്തിയ ജീവിതം തകരുകതന്നെ വേണ്ടേ? ഇവിടെ കാഥികന്റെ ശ്രദ്ധേയമായ ഏതാനും വാക്കുകളുണ്ട്. 'ഭാവനയ്ക്കുപോലും അതീതമായ എത്രയോ കാര്യങ്ങൾ എത്ര സഹജമായി സംഭവിക്കുന്നുണ്ടെന്നു പറയാൻ പ്രയാസം. നമ്മുടെ കൺമുമ്പിൽ വച്ചുതന്നെ ജീവിതമൂല്യങ്ങളിൽ അത്രയേറെ മാററം വന്നിട്ടുണ്ട്. എന്നാലും സാഹിത്യത്തിൽ എങ്ങനെയായിരുന്നാലും നാം ഒരു 'ഫോർമുല' പിന്തുടർന്നു...' ഏതായാലും മിസിസ് ചൗധരിയുടെ അപേക്ഷ അനുസരിക്കാൻ കഴിഞ്ഞില്ലെന്നു കാഥികൻ സമ്മതിക്കുന്നുണ്ട്. ഇടശ്ശേരിക്കും കഴിയുകയില്ല എന്നു ഞാൻ കരുതുന്നു. ജീവിതത്തെ സംബന്ധിച്ചിടത്തോളം കാമ്പില്ലാത്തതും കാലഹരണപ്പെട്ടതുമായ ഏതെങ്കിലും 'ഫോർമുല' സാഹിത്യത്തിൽ ഔപചാരികമായങ്ങനെ അനുവർത്തിച്ചുപോന്നതിൽ അർഥം കാണുന്ന ആളല്ല ഈ കവി.

മലയാളത്തിൽ നിന്നുതന്നെ മറെറാരുദാഹരണം ഉന്നയിക്കട്ടെ. ശ്രീ. കെ.ടി. മുഹമ്മദിന്റെ 'മാംസപുഷ്പ'ങ്ങളിൽ സുബ്ബമ്മ എന്നൊരു കഥാപാത്രമുണ്ട്. പ്രിയപ്പെട്ട ഭർത്താവിൽനിന്നു സ്ത്രീധനത്തിന്റെ പേരിൽ അവൾക്കകലേണ്ടിവന്നു. അങ്ങോട്ടുതന്നെ തിരിച്ചുപോവാനുള്ള വ്യഗ്രതയിൽ അവസാനം, പണമുണ്ടാക്കണ്ടേ, അതിനുവേണ്ടി അവൾ വ്യഭിചരിക്കുന്നു. സാധാരണ വായനക്കാരന്റെ സ്വാസ്ഥ്യം കെടുത്തുന്ന രംഗമാണിത്. പക്ഷേ, അവന്റെ കണ്ണിൽ കറുപ്പായിത്തോന്നുന്നതെന്തോ, അതുകൊണ്ടു വെളുത്ത ഒരു കഥാപാത്രത്തെ, വാർത്തെടുക്കുക എന്ന അദ്ഭുതമാണ് കെ.ടി. അവിടെ സ്വാധീനിച്ചിട്ടുള്ളത്. അദ്ദേഹം എഴുതുകയാണ്: 'എന്താണു സംഭവിച്ചത്? വ്യക്തമായ രൂപമുണ്ടാവുന്നില്ല. മനസ്സിലാവുന്നില്ല. ഭർത്താവിനെ അവൾ സ്നേഹിക്കുന്നു. അവൾക്ക് അവനിൽ എത്തിച്ചേരണം. അവളുടെ സ്നേഹത്തിന്റെ അർഥം? അവൾ ഭാര്യയാണോ? പതിവ്രതയാണോ? അവളെ മനസ്സിലാവുന്നില്ല. മനുഷ്യൻ എന്ന സൃഷ്ടി എത്ര സങ്കീർണമാണ്...'

അതെ, അതാണു പരാമർഥം. മനുഷ്യൻ എന്ന സൃഷ്ടി നന്നെ സങ്കീർണമാണ്. സങ്കൽപ്പങ്ങളിലേക്കു പറന്നുയരുന്നതോടൊപ്പം തന്നെ, അത് ആത്മഹത്യാപരമാണ് എന്നറിയുമ്പോൾ, യാഥാർഥ്യങ്ങളിലേക്ക് ഇറങ്ങിവരാനും മനുഷ്യനു കഴിയും. അതിൽ അരോചകമായിട്ടൊന്നുമില്ലതാനും. അസ്തിത്വമാണല്ലോ എന്നും ഏററവും വലിയ പ്രശ്നം.

കോവിലകത്തെ കൊച്ചെജമാനനെ സ്വപ്നം കണ്ടുപോന്ന പാറു അവസാനം പരുക്കനായ ആ തൊഴിലാളിയുടെ മാറിൽ പതിക്കുന്ന സംഭവത്തിൽകൂടി ഇടശ്ശേരി ചിത്രീകരിച്ചിരിക്കുന്നത് ആ സത്യമത്രേ. ഇടശ്ശേരിയുമായി പലതുകൊണ്ടും ധാരാളം അടുപ്പമുള്ള ശ്രീ. ഉറൂബിൽ നിന്ന് ഒരുദാഹരണം കൂടി ഇവിടെ ഓർക്കാവുന്നതാണ്. 'സുന്ദരികളും സുന്ദരന്മാരും' എന്ന മഹത്തായ നോവലിലെ രാധ, പട്ടാളത്തിൽ പോയി മരിച്ച കുഞ്ഞിരാമനെച്ചൊല്ലി കാലാകാലം കണ്ണീരൊഴുക്കി കഴിയുകയല്ല ചെയ്യുന്നത്. ആദർശപ്രണയത്തിന്റെ പേരിൽ അങ്ങനെ ചെയ്യാമായിരുന്നില്ലേ അവൾക്ക്? പക്ഷേ, പ്രായോഗികബോധം എന്ന ഒന്നുണ്ടല്ലോ. അതിനെ അവഗണിക്കുന്നതും ആരോഗ്യകരമല്ല. രാധ ചെയ്യുന്നതെന്താണ്? അഭിലാഷപൂർവം തന്നെ സമീപിക്കുന്ന വിശ്വത്തിനു സ്വയം വിധേയയാവുക. അപ്രകാരം വിധേയയായപ്പോൾ അവൾക്കു പ്രപഞ്ചം കൂടുതൽ സുന്ദരമായിത്തന്നെ അനുഭവപ്പെടുകയും ചെയ്തു. ഇവിടെ ഇടശ്ശേരിയുടെ ഈ കവിതയിലെ പാറു ആ പരുക്കൻ തൊഴിലാളിയുടെ മാറത്തു തളർന്നുവീഴുമ്പോൾ, അതുവരെ അസുന്ദരമായി അനുഭവപ്പെട്ടിരുന്ന അവന്റെ രൂപം 'മഹോന്നത'മായിക്കരുതുന്നുണ്ടല്ലോ. അൽപ്പം കൂടി കഴിഞ്ഞു മിഴി തുറന്നു നോക്കട്ടെ, പ്രപഞ്ചമാകെ കൂടുതൽ സുന്ദരമായി അവൾക്കും തോന്നാതിരിക്കയില്ല. തോന്നില്ല എന്നാണു കാൽപ്പനിക കവികൾ നമ്മെ വിശ്വസിപ്പിച്ചുപോന്നത്! ഇടശ്ശേരി ആ വിശ്വാസത്തിൽ വേണ്ട തിരുത്തു വരുത്തുന്നു.

റോബർട്ട് ഫ്രോസ്റ്റിനെക്കുറിച്ചു പറഞ്ഞുകേട്ടിട്ടുണ്ട്. അദ്ദേഹം ഒരു സ്വപ്നജീവിയോടൊപ്പം തനി വേലക്കാരനുമാണ്. അതിനാൽ അദ്ദേഹത്തിന്റെ കവിതയ്ക്കു രൂപം കൊടുക്കുന്നതിനും വിലയിരുത്തുന്നതിനും അദ്ദേഹം മാതൃകയാക്കാറുള്ളത് പണിയായുധങ്ങളെത്തന്നെയായിരുന്നുവത്രെ. ഒരു മഴുവോ മൺവെട്ടിയോപോലെ ഖരവും ദൃഢവും ഋജുവുമാവണം കവിതയും. അങ്ങനെയാ

ണത്രേ അദ്ദേഹം അഭിലഷിച്ചിരുന്നത്. ഇടശ്ശേരിയും അതാവും അഭിലഷിക്കുക. അദ്ദേഹവുമതേ- നല്ല കവിയാണ്. നാടൻകൃഷിക്കാരനുമാണ്. അതുകൊണ്ടു മഴുവിന്റെയും മൺവെട്ടിയുടെയുമൊക്കെ മാനദണ്ഡം കവിതയ്ക്കും ബാധകമാക്കുന്നതിൽ അദ്ദേഹത്തിന് ആക്ഷേപമുണ്ടാവില്ല. കവിതയുടെ പണിപ്പുരയെ കരുവാന്റെ ആലയോടാണ് ഇടശ്ശേരി സാദൃശ്യപ്പെടുത്തുന്നത്. അവിടെ പണിതെടുക്കുന്ന കവിത പേനക്കത്തിയാണെന്ന് അദ്ദേഹം കരുതുന്നു. അദ്ദേഹത്തിന്റെ പത്നിയാകട്ടെ, മടവാളുതന്നെയാണെന്ന് അതിനു കീർത്തിമുദ്രയും സമ്മാനിക്കുന്നു! ഈ 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' ഏതായാലും നല്ല മൂർച്ചയുള്ള മഴുവോ മടവാളോ തന്നെയാണ്. കാൽപ്പനികപ്രണയം നട്ടു നനച്ചു വളർത്തിയ മിഥ്യാസങ്കൽപ്പത്തിന്റെ മുരട്ടിൽത്തന്നെയാണ് അത് ആഞ്ഞുവെട്ടുന്നത്.